102

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# ഗ്രാമന്യായാലയങ്ങൾ ആക്റ്റ്, 2008
## (2009-ലെ 4-ാം നമ്പർ ആക്റ്റ്)

(2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE GRAMA NYAYALAYAS ACT, 2008
## (Act No. 4 of 2009)

(As on 15th February, 2013)

വില : 22 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത് 2013.

## ആമുഖം

2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള ഗ്രാമന്യായാലയങ്ങൾ ആക്റ്റ്, 2008 (2009-ലെ 4-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2013 ഏപ്രിൽ 4-ാം തീയതിയിലെ ഭാരതത്തിന്റെ അസാധാരണ ഗസറ്റ് XI-ാം ഭാഗം, I-ാം വകുപ്പ്, 1-ാം വാല്യം, 2-ാം നമ്പരായി 1 മുതൽ 14 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50-ാം നമ്പർ ആക്റ്റ്)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

പി. കെ. മൽഹോത്ര,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Grama Nyayalayas Act, 2008 (Act No. 4 of 2009) as on 15th February, 2013 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. 1, No. 2, dated 4th April, 2013 on pages 1 to 14.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (Act No. 50 of 1973) and on such publication it became the authoritative text of that Act in Malayalam.

P. K. MALHOTRA,
*Secretary to the Government of India.*

GCPT. 3/3433/2013/DTP.

# ഗ്രാമന്യായാലയങ്ങൾ ആക്റ്റ്, 2008

(2009-ലെ 4-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം

### അദ്ധ്യായം I

### പ്രാരംഭികം


| *വകുപ്പുകൾ* | | *പേജ്* |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | .. 1 |
| 2. | നിർവ്വചനങ്ങൾ | .. 1 |


### അദ്ധ്യായം II

### ഗ്രാമന്യായാലയം


| | | |
|---|---|---|
| 3. | ഗ്രാമന്യായാലയങ്ങളുടെ സ്ഥാപനം | .. 2 |
| 4. | ഗ്രാമന്യായാലയത്തിന്റെ ആസ്ഥാനം | .. 2 |
| 5. | ന്യായാധികാരിയുടെ നിയമനം | .. 2 |
| 6. | ന്യായാധികാരിയുടെ നിയമനത്തിനുള്ള യോഗ്യതകൾ | .. 2 |
| 7. | ന്യായാധികാരിയുടെ ശമ്പളവും, ബത്തകളും മറ്റ് സേവന നിബന്ധനകളും ഉപാധികളും | .. 3 |
| 8. | ന്യായാധികാരി അദ്ദേഹത്തിന് താൽപര്യമുള്ളതായ നടപടികളിൽ ആദ്ധ്യക്ഷ്യം വഹിക്കരുതെന്ന് | .. 3 |
| 9. | ന്യായാധികാരി സഞ്ചരിക്കുന്ന കോടതികൾ നടത്തുകയും നടപടികൾ ഗ്രാമങ്ങളിൽ നടത്തുകയും ചെയ്യണമെന്ന് | .. 3 |
| 10. | ഗ്രാമന്യായാലയത്തിന്റെ മുദ്ര | .. 3 |


### അദ്ധ്യായം III

### ഗ്രാമന്യായാലയത്തിന്റെ അധികാരിതയും അധികാരങ്ങളും അധികാരശക്തിയും


| | | |
|---|---|---|
| 11. | ഗ്രാമന്യായാലയത്തിന്റെ അധികാരിത | .. 3 |
| 12. | ക്രിമിനൽ അധികാരിത | .. 3 |
| 13. | സിവിൽ അധികാരിത | .. 4 |
| 14. | പട്ടികകൾ ഭേദഗതി ചെയ്യുവാനുള്ള അധികാരം | .. 4 |
| 15. | കാലഹരണം | .. 4 |
| 16. | നിലവിലിരിക്കുന്ന നടപടികളുടെ കൈമാറ്റം | .. 4 |
| 17. | മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങൾ | .. 5 |

അദ്ധ്യായം IV

## ക്രിമിനൽ കേസുകളിലെ നടപടിക്രമം


18. ക്രിമിനൽ വിചാരണകളിൽ ആക്റ്റിന്റെ അധിപ്രഭാവം .. 5
19. ഗ്രാമന്യായാലയം സമ്മറി വിചാരണ നടപടികൾ അനുവർത്തിക്കണമെന്ന് .. 5
20. ഗ്രാമന്യായാലയം മുമ്പാകെ അനുകൂലവാദം .. 5
21. ഗ്രാമന്യായാലയത്തിലെ കേസുകളുടെ നടത്തിപ്പും കക്ഷികൾക്ക് നിയമസഹായവും .. 5
22. വിധി പ്രഖ്യാപനം .. 6


അദ്ധ്യായം V

## സിവിൽ കേസുകളിലെ നടപടിക്രമം


23. സിവിൽ നടപടികളിൽ ആക്റ്റിന്റെ അധിപ്രഭാവം .. 6
24. സിവിൽ തർക്കങ്ങളിൽ പ്രത്യേക നടപടിക്രമം .. 6
25. ഗ്രാമന്യായാലത്തിന്റെ ഡിക്രികളും ഉത്തരവുകളും നടപ്പാക്കൽ .. 7
26. സിവിൽ തർക്കങ്ങളുടെ അനുരഞ്ജനത്തിനും ഒത്തുതീർപ്പാക്കലിനും വേണ്ടി ശ്രമങ്ങൾ നടത്തുന്നതിന് ഗ്രാമന്യായാലയത്തിന്റെ കർത്തവ്യം .. 7
27. അനുരഞ്ജകരുടെ നിയമനം .. 8
28. സിവിൽ തർക്കങ്ങളുടെ കൈമാറ്റം .. 8


അദ്ധ്യായം VI

## നടപടിക്രമം സാമാന്യമായി


29. നടപടികൾ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയിലായിരിക്കണമെന്ന് .. 8
30. ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872-ന്റെ ബാധകത .. 8
31. വാക്കാലുള്ള തെളിവിന്റെ രേഖപ്പെടുത്തൽ .. 8
32. ഔപചാരിക സ്വഭാവമുള്ള തെളിവ് സത്യവാങ്മൂലത്തിൻമേലായിരിക്കണമെന്ന് .. 8


അദ്ധ്യായം VII

## അപ്പീലുകൾ


33. ക്രിമിനൽ കേസുകളിലെ അപ്പീൽ .. 9
34. സിവിൽ കേസുകളിലെ അപ്പീൽ .. 9

## അദ്ധ്യായം VIII

### പലവക


3. ഗ്രാമന്യായാലയങ്ങൾക്ക് പോലീസിന്റെ സഹായം .. 10

36. ന്യായാധികാരികളും ജീവനക്കാരും മറ്റും പബ്ലിക് സർവ്വന്റുമാരായിരിക്കുമെന്ന് .. 10

37. ഗ്രാമന്യായാലയങ്ങളുടെ പരിശോധന .. 10

38. വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം .. 11

39. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ഹൈക്കോടതിക്കുള്ള അധികാരം .. 11

40. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം .. 11

**ഒന്നാം പട്ടിക**

ഭാഗം I .. 12

ഭാഗം II .. 12

ഭാഗം III .. 13

**രണ്ടാം പട്ടിക**

ഭാഗം I .. 13

ഭാഗം II .. 13

ഭാഗം III .. 13


GCPT. 3/3433/2013

# ഗ്രാമന്യായാലയങ്ങൾ ആക്റ്റ്, 2008

(2009-ലെ 4-ാം നമ്പർ ആക്റ്റ്)

പൗരന്മാർക്ക് അവരുടെ പടിവാതിലുകളിൽ നീതി ലഭ്യമാക്കുന്നതിനും ഏതൊരു പൗരനും സാമൂഹികമോ സാമ്പത്തികമോ മറ്റ് അവശതകളോ നിമിത്തം നീതി ഉറപ്പാക്കുന്നതിനുള്ള അവസരങ്ങൾ നിഷേധിക്കപ്പെടുന്നില്ലെന്ന് സുനിശ്ചിതമാക്കുന്നതിനുമുള്ള ആവശ്യങ്ങൾക്കായി അടിസ്ഥാനതലങ്ങളിൽ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് ഗ്രാമന്യായാലയങ്ങൾ ആക്റ്റ്, 2008 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനം, നാഗാലാന്റ് സംസ്ഥാനം, അരുണാചൽപ്രദേശ് സംസ്ഥാനം, സിക്കിം സംസ്ഥാനം, ഗോത്രവർഗ്ഗ പ്രദേശങ്ങൾ എന്നിവ ഒഴികെ ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

വിശദീകരണം.— ഈ ഉപവകുപ്പിൽ, "ഗോത്രവർഗ്ഗ പ്രദേശങ്ങൾ" എന്ന പദപ്രയോഗത്തിന് ഭരണഘടനയിലെ ആറാം പട്ടികയിലെ 20-ാം ഖണ്ഡികയിൻകീഴിലെ അനുസൂചികയുടെ I-ഉം II-ഉം II ക യും, III-ഉം ഭാഗങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള യഥാക്രമം ആസ്സാം സംസ്ഥാനത്തും മേഘാലയ സംസ്ഥാനത്തും ത്രിപുര സംസ്ഥാനത്തും മിസ്സോറാം സംസ്ഥാനത്തും ഉള്ള പ്രദേശങ്ങൾ എന്നർത്ഥമാകുന്നു.

(3) * ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതും വ്യത്യസ്ത സംസ്ഥാനങ്ങൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതുമാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ഗ്രാമന്യായാലയം" എന്നാൽ 3-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പുപ്രകാരം സ്ഥാപിച്ച ഒരു കോടതി എന്നർത്ഥമാകുന്നു;

(ഖ) "ഗ്രാമപഞ്ചായത്ത്" എന്നാൽ ഭരണഘടനയുടെ 243 ഖ അനുച്ഛേദപ്രകാരം ഗ്രാമ പ്രദേശങ്ങൾക്കുവേണ്ടി, ഗ്രാമതലത്തിൽ, രൂപീകരിച്ച ഒരു സ്വയംഭരണ സ്ഥാപനം (എന്ത് പേരിനാൽ വിളിക്കപ്പെട്ടാലും) എന്നർത്ഥമാകുന്നു;

(ഗ) "ഹൈക്കോടതി" എന്നാൽ,—

(i) ഏതെങ്കിലും സംസ്ഥാനത്തെ സംബന്ധിച്ച്, ആ സംസ്ഥാനത്തെ ഹൈക്കോടതി;

(ii) ഒരു യൂണിയൻ പ്രദേശത്തെ സംബന്ധിച്ച് ഒരു സംസ്ഥാനത്തെ ഹൈക്കോടതിയുടെ അധികാരിത അതിന് നിയമംവഴി വ്യാപിപ്പിച്ചിട്ടുള്ളിടത്ത്, ആ ഹൈക്കോടതി;

(iii) മറ്റുള്ള ഏതെങ്കിലും യൂണിയൻ പ്രദേശത്തെ സംബന്ധിച്ച്, ഭാരതത്തിന്റെ സുപ്രീം കോടതി ഒഴികെ ആ പ്രദേശത്തിനുള്ള ഏറ്റവും ഉയർന്ന ക്രിമിനൽ അപ്പീൽ കോടതി എന്നർത്ഥമാകുന്നു;

* ഈ ആക്റ്റ് 11-9-2009-ാം തീയതിയിലെ എസ്.ഒ. 2313 (ഇ) നമ്പർ വിജ്ഞാപന പ്രകാരം 2-10-2009-ൽ 1-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം പ്രാബല്യത്തിൽ വന്നു.

(ഘ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നതും "വിജ്ഞാപനം ചെയ്ത" എന്ന പദപ്രയോഗത്തിന് തദനുസൃതമായ അർത്ഥം കല്പിക്കേണ്ടതുമാണ്;

(ങ) "ന്യായാധികാരി" എന്നാൽ 5-ാം വകുപ്പുപ്രകാരം നിയമിച്ച ഗ്രാമന്യായാലയത്തിന്റെ ആദ്ധ്യക്ഷ്യം വഹിക്കുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ച) "മദ്ധ്യതലത്തിലെ പഞ്ചായത്ത്" എന്നാൽ സ്വയംഭരണത്തിനായി ഭരണഘടനയുടെ IX-ാം ഭാഗത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഗ്രാമപ്രദേശങ്ങൾക്ക് വേണ്ടി ഭരണഘടനയുടെ 243 ഖ അനുച്ഛേദപ്രകാരം, മദ്ധ്യതലത്തിൽ രൂപീകരിച്ച ഒരു സ്ഥാപനം (എന്ത് പേരിനാൽ വിളിക്കപ്പെട്ടാലും) എന്നർത്ഥമാകുന്നു;

(ഛ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജ) "പട്ടിക" എന്നാൽ ഈ ആക്റ്റിനോട് അനുബന്ധിച്ചുള്ള പട്ടിക എന്നർത്ഥമാകുന്നു;

(ഝ) "സംസ്ഥാന സർക്കാർ" എന്നാൽ ഒരു യൂണിയൻ പ്രദേശത്തെ സംബന്ധിച്ച്, ഭരണഘടനയുടെ 239-ാം അനുച്ഛേദപ്രകാരം നിയമിക്കപ്പെട്ട അതിന്റെ അഡ്മിനിസ്ട്രേറ്റർ എന്നർത്ഥമാകുന്നു;

(ഞ) ഇതിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ സിവിൽ നടപടി നിയമസംഹിത, 1908-ലും (1908-ലെ 5) ക്രിമിനൽ നടപടി നിയമസംഹിത, 1973-ലും (1974-ലെ 2) നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും അവയ്ക്ക് ആ സംഹിതകളിൽ യഥാക്രമം നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

## ഗ്രാമന്യായാലയം

3. ഗ്രാമന്യായാലയങ്ങളുടെ സ്ഥാപനം.—(1) ഒരു ഗ്രാമന്യായാലയത്തിന് ഈ ആക്റ്റിനാൽ നൽകപ്പെട്ടിട്ടുള്ള അധികാരിതയും അധികാരങ്ങളും പ്രയോഗിക്കുന്നതിന്റെ ആവശ്യത്തിലേക്കായി, സംസ്ഥാന സർക്കാർ, ഹൈക്കോടതിയുമായി ആലോചിച്ചശേഷം, വിജ്ഞാപനംവഴി, മദ്ധ്യതലത്തിൽ, ഓരോ പഞ്ചായത്തിനും അല്ലെങ്കിൽ മദ്ധ്യതലത്തിൽ ഒരു ജില്ലയിൽ സമീപവർത്തിയായ ഒരുകൂട്ടം പഞ്ചായത്തുകൾക്ക് അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാനത്ത് മദ്ധ്യതലത്തിൽ ഒരു പഞ്ചായത്തുമില്ലാത്തിടത്ത്, സമീപവർത്തിയായ ഒരുകൂട്ടം ഗ്രാമപഞ്ചായത്തുകൾക്കും ഒന്നോ അതിലധികമോ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കാവുന്നതാണ്.

(2) സംസ്ഥാന സർക്കാർ, ഹൈക്കോടതിയുമായി ആലോചിച്ചശേഷം, വിജ്ഞാപനം വഴി ഒരു ഗ്രാമന്യായാലയത്തിന്റെ അധികാരിത വ്യാപിപ്പിക്കുന്നത് ഏത് പ്രദേശത്തിന്റെ പ്രാദേശിക പരിധികളിലായിരിക്കണമെന്ന് വിനിർദ്ദേശിക്കേണ്ടതും, ഏതു സമയത്തും, അങ്ങനെയുള്ള പരിധികൾ വർദ്ധിപ്പിക്കാവുന്നതും, കുറവ് വരുത്താവുന്നതും അല്ലെങ്കിൽ വ്യത്യാസപ്പെടുത്താവുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം സ്ഥാപിക്കപ്പെട്ട ഗ്രാമന്യായാലയങ്ങൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം സ്ഥാപിച്ച കോടതികൾക്ക് പുറമേ ആയിരിക്കേണ്ടതാണ്.

4. ഗ്രാമന്യായാലയത്തിന്റെ ആസ്ഥാനം.—ഓരോ ഗ്രാമന്യായാലയത്തിന്റെയും ആസ്ഥാനം, ഗ്രാമന്യായാലയം സ്ഥാപിക്കപ്പെട്ട മദ്ധ്യതല പഞ്ചായത്തിന്റെ ആസ്ഥാനത്തോ സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥലത്തോ സ്ഥാപിക്കേണ്ടതാണ്.

5. ന്യായാധികാരിയുടെ നിയമനം.—സംസ്ഥാന സർക്കാർ, ഹൈക്കോടതിയുമായി ആലോചിച്ചശേഷം ഓരോ ഗ്രാമന്യായാലയത്തിനും ഒരു ന്യായാധികാരിയെ നിയമിക്കേണ്ടതാണ്.

6. ന്യായാധികാരിയുടെ നിയമനത്തിനുള്ള യോഗ്യതകൾ.—(1) ഒരു വ്യക്തി ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ആയി നിയമിക്കപ്പെടുന്നതിന് അർഹനല്ലാത്തപക്ഷം അയാൾ ഒരു ന്യായാധികാരിയായി നിയമിക്കപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതല്ല.

(2) ഒരു ന്യായാധികാരിയെ നിയമിക്കുമ്പോൾ, സംസ്ഥാന സർക്കാർ, കാലാകാലങ്ങളിൽ, വിജ്ഞാപനംവഴി വിനിർദ്ദേശിച്ചേക്കാവുന്ന പട്ടികജാതികളുടെയും പട്ടികവർഗ്ഗങ്ങളുടെയും സ്ത്രീകളുടെയും അങ്ങനെയുള്ള മറ്റു വിഭാഗങ്ങളുടെയും അല്ലെങ്കിൽ സമുദായങ്ങളുടെയും അംഗങ്ങൾക്ക് പ്രാതിനിധ്യം നൽകേണ്ടതാണ്.

7. ന്യായാധികാരിയുടെ ശമ്പളവും ബത്തകളും മറ്റ് സേവന നിബന്ധനകളും ഉപാധികളും.—ഒരു ന്യായാധികാരിക്ക് കൊടുക്കേണ്ടതായ ശമ്പളവും മറ്റ് ബത്തകളും മറ്റ് സേവന നിബന്ധനകളും ഉപാധികളും ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് ബാധകമായിരിക്കുന്ന പ്രകാരമായിരിക്കേണ്ടതാണ്.

8. ന്യായാധികാരി അയാൾക്ക് താൽപര്യമുള്ളതായ നടപടികളിൽ ആദ്ധ്യക്ഷ്യം വഹിക്കരുതെന്ന്.—ഒരു ഗ്രാമന്യായാലയത്തിന്റെ ഏതെങ്കിലും നടപടികളിൽ ന്യായാധികാരിക്ക് ഏതെങ്കിലും താൽപര്യം ഉണ്ടായിരുന്നാൽ അല്ലെങ്കിൽ തർക്കവിഷയത്തിൽ മറ്റുവിധത്തിൽ ഉൾപ്പെട്ടിരുന്നാൽ അല്ലെങ്കിൽ അങ്ങനെയുള്ള നടപടികളിലെ ഏതെങ്കിലും കക്ഷിയുമായി ബന്ധമുണ്ടായിരുന്നാൽ ആദ്ധ്യക്ഷ്യം വഹിക്കുവാൻ പാടില്ലാത്തതും അങ്ങനെയുള്ള കേസിൽ, അത് മറ്റേതെങ്കിലും ന്യായാധികാരിക്ക് കൈമാറ്റം ചെയ്യുന്നതിനുവേണ്ടി ന്യായാധികാരി ആ വിഷയം, അതതു സംഗതിപോലെ, ജില്ലാ കോടതിക്കോ സെഷൻസ് കോടതിക്കോ റഫർ ചെയ്യേണ്ടതുമാണ്.

9. ന്യായാധികാരി സഞ്ചരിക്കുന്ന കോടതികൾ നടത്തുകയും നടപടികൾ ഗ്രാമങ്ങളിൽ നടത്തുകയും ചെയ്യണമെന്ന്.—(1) ന്യായാധികാരി ആനുകാലികമായി അദ്ദേഹത്തിന്റെ അധികാരിതയിൽ വരുന്ന ഗ്രാമങ്ങൾ സന്ദർശിക്കേണ്ടതും കക്ഷികൾ സാധാരണയായി താമസിക്കുന്ന സ്ഥലത്തിന് വളരെ അടുത്തുള്ള അല്ലെങ്കിൽ വ്യവഹാരകാരണം പൂർണ്ണമായി അല്ലെങ്കിൽ ഭാഗികമായി ഉത്ഭവിച്ചുവെന്ന് അദ്ദേഹം കരുതുന്ന ഏതെങ്കിലും സ്ഥലത്ത് വിചാരണ അല്ലെങ്കിൽ നടപടികൾ നടത്തേണ്ടതുമാണ്:

എന്നാൽ ഗ്രാമന്യായാലയം അതിന്റെ ആസ്ഥാനത്തിനു പുറത്ത് സഞ്ചരിക്കുന്ന കോടതി നടത്തുവാൻ തീരുമാനിക്കുന്നിടത്ത്, അത് സഞ്ചരിക്കുന്ന കോടതി നടത്തുവാൻ ഉദ്ദേശിക്കുന്ന തീയതിയും സ്ഥലവും സംബന്ധിച്ച് വിപുലമായ പരസ്യം നൽകേണ്ടതാണ്.

(2) സംസ്ഥാന സർക്കാർ ഗ്രാമന്യായാലയത്തിന്റെ ആസ്ഥാനത്തിന് പുറത്ത് വിചാരണ അല്ലെങ്കിൽ നടപടികൾ നടത്തുമ്പോൾ ന്യായാധികാരിക്ക് സഞ്ചരിക്കുന്ന കോടതികൾ നടത്തുന്നതിനുള്ള വാഹനങ്ങളുടെ ഏർപ്പാട് ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും അതിന് നൽകേണ്ടതാണ്.

10. ഗ്രാമന്യായാലയത്തിന്റെ മുദ്ര.—ഈ ആക്റ്റ്പ്രകാരം സ്ഥാപിച്ച ഓരോ ഗ്രാമന്യായാലയവും സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഹൈക്കോടതിയാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രൂപത്തിലും വലിപ്പത്തിലുമുള്ള ഒരു കോടതിമുദ്ര ഉപയോഗിക്കേണ്ടതാണ്.

## അദ്ധ്യായം III

## ഗ്രാമന്യായാലയത്തിന്റെ അധികാരിതയും അധികാരങ്ങളും അധികാരശക്തിയും

11. ഗ്രാമന്യായാലയത്തിന്റെ അധികാരിത.—ക്രിമിനൽനടപടിനിയമസംഹിത, 1973 (1974-ലെ 2)-ൽ അല്ലെങ്കിൽ സിവിൽനടപടിനിയമസംഹിത, 1908 (1908-ലെ 5)-ൽ അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഗ്രാമന്യായാലയം, ഈ ആക്റ്റ്പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിലും വ്യാപ്തിയിലും സിവിലും ക്രിമിനലുമായ അധികാരിത പ്രയോഗിക്കേണ്ടതാണ്.

12. ക്രിമിനൽ അധികാരിത.—(1) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2) അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഗ്രാമന്യായാലയത്തിന്, ഒരു പരാതിയിന്മേലോ ഒരു പോലീസ് റിപ്പോർട്ടിൻമേലോ ഒരു കുറ്റം നടപടിക്കെടുക്കാവുന്നതും—

(ക) ഒന്നാം പട്ടികയുടെ ഭാഗം I-ൽ വിനിർദ്ദേശിച്ച എല്ലാ കുറ്റങ്ങളും വിചാരണ ചെയ്യേണ്ടതും;

(ഖ) എല്ലാ കുറ്റങ്ങളും വിചാരണ ചെയ്യേണ്ടതും ആ പട്ടികയുടെ ഭാഗം II-ൽ ഉൾപ്പെടുത്തിയിട്ടുള്ള അധിനിയമങ്ങളിൻകീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള നിവൃത്തികൾ, ഏതെങ്കിലും ഉണ്ടെങ്കിൽ, അനുവദിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗംവരുത്താതെ, ഗ്രാമന്യായാലയം, 14-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം സംസ്ഥാന സർക്കാരിനാൽ വിജ്ഞാപനം ചെയ്തേക്കാവുന്ന സംസ്ഥാന ആക്റ്റുകൾ പ്രകാരമുള്ള എല്ലാ കുറ്റങ്ങളും വിചാരണ ചെയ്യേണ്ടതും അങ്ങനെയുള്ള നിവൃത്തി നൽകേണ്ടതുമാണ്.

13. സിവിൽ അധികാരിത.—(1) സിവിൽ നടപടി നിയമ സംഹിത, 1908-ലോ (1908-ലെ 5) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, (2)-ാം ഉപവകുപ്പിന് വിധേയമായും, ഗ്രാമന്യായാലയത്തിന്—

(ക) രണ്ടാം പട്ടികയുടെ ഭാഗം I-ൽ വിനിർദ്ദേശിച്ചിട്ടുള്ള തർക്കങ്ങളുടെ വിഭാഗത്തിൻകീഴിൽ വരുന്ന സിവിൽ സ്വഭാവത്തിലുള്ള എല്ലാ വ്യവഹാരങ്ങളും അല്ലെങ്കിൽ നടപടികളും വിചാരണ ചെയ്യുന്നതിനും;

(ഖ) 14-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ കേന്ദ്ര സർക്കാരിനാലും ആ വകുപ്പിന്റെ (3)-ാം ഉപവകുപ്പിൻകീഴിൽ സംസ്ഥാന സർക്കാരിനാലും വിജ്ഞാപനം ചെയ്യപ്പെടുന്നതായ എല്ലാ തരത്തിലുമുള്ള അവകാശവാദങ്ങളും തർക്കങ്ങളും വിചാരണ ചെയ്യുന്നതിനും,

അധികാരിത ഉണ്ടായിരിക്കുന്നതാണ്.

(2) ഗ്രാമന്യായാലയത്തിന്റെ ആർത്ഥികപരിധി, ഹൈക്കോടതി സംസ്ഥാന സർക്കാരുമായി ആലോചിച്ച് കാലാകാലങ്ങളിൽ, വിജ്ഞാപനംവഴി, വിനിർദ്ദേശിക്കാവുന്നപ്രകാരമായിരിക്കേണ്ടതാണ്.

14. പട്ടികകൾ ഭേദഗതി ചെയ്യുവാനുള്ള അധികാരം.— (1) കേന്ദ്ര സർക്കാരിന് അപ്രകാരം ചെയ്യുന്നത് ആവശ്യമെന്നോ യുക്തമെന്നോ ബോദ്ധ്യമായിട്ടുള്ളിടത്ത്, അത് വിജ്ഞാപനം വഴി, അതതു സംഗതിപോലെ, ഒന്നാം പട്ടികയുടെ ഭാഗം I-ൽ അല്ലെങ്കിൽ ഭാഗം II-ൽ അല്ലെങ്കിൽ രണ്ടാം പട്ടികയുടെ ഭാഗം II-ൽ ഉള്ള ഏതെങ്കിലും ഇനം കൂട്ടിച്ചേർക്കുകയോ വിട്ടുകളയുകയോ ചെയ്യാവുന്നതും, അതനുസരിച്ച് അത് ഭേദഗതി ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഓരോ വിജ്ഞാപനവും പാർലമെന്റിന്റെ ഓരോ സഭയിലും വയ്ക്കേണ്ടതാണ്.

(3) സംസ്ഥാന സർക്കാരിന് അപ്രകാരം ചെയ്യുന്നത് ആവശ്യമെന്നോ യുക്തമെന്നോ ബോദ്ധ്യപ്പെടുകയാണെങ്കിൽ, അത് ഹൈക്കോടതിയുമായി കൂടിയാലോചിച്ച്, വിജ്ഞാപനംവഴി, ഒന്നാം പട്ടികയിലെ ഭാഗം III-ലോ രണ്ടാം പട്ടികയിലെ ഭാഗം III-ലോ ഉള്ള ഏതെങ്കിലും ഇനം കൂട്ടിച്ചേർക്കുകയോ സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന് നിയമമുണ്ടാക്കുവാൻ അധികാരമുള്ള ഏതെങ്കിലും ഇനം അതിൽ നിന്നും വിട്ടുകളയുകയോ ചെയ്യാവുന്നതും അതോടെ ഒന്നാംപട്ടികയോ രണ്ടാം പട്ടികയോ, അതതു സംഗതിപോലെ, അതനുസരിച്ച് ഭേദഗതി ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഓരോ വിജ്ഞാപനവും സംസ്ഥാന നിയമ നിർമ്മാണ മണ്ഡലം മുമ്പാകെ വയ്ക്കേണ്ടതാണ്.

15. കാലഹരണം.—(1) കാലഹരണ ആക്റ്റ്, 1963 (1963-ലെ 36)-ലെ വ്യവസ്ഥകൾ ഗ്രാമന്യായാലയത്തിന് വിചാരണ ചെയ്യാവുന്ന വ്യവഹാരങ്ങൾക്ക് ബാധകമായിരിക്കുന്നതാണ്.

(2) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ XXXVI-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ ഗ്രാമന്യായാലയത്തിന് വിചാരണ ചെയ്യാവുന്ന കുറ്റങ്ങളെ സംബന്ധിച്ച്ബാധകമായിരിക്കുന്നതാണ്.

16. നിലവിലിരിക്കുന്ന നടപടികളുടെ കൈമാറ്റം.—(1) ഹൈക്കോടതിയാൽ വിജ്ഞാപനം ചെയ്യാവുന്ന അങ്ങനെയുള്ള തീയതി മുതൽ, അതതു സംഗതിപോലെ, ജില്ലാ കോടതിക്ക് അല്ലെങ്കിൽ സെഷൻസ് കോടതിക്ക്, അതിൻകീഴിലുള്ള കോടതികൾ മുമ്പാകെ നിലവിലിരിക്കുന്ന എല്ലാ സിവിലോ ക്രിമിനലോ ആയ കേസുകൾ, അങ്ങനെയുള്ള കേസുകൾ വിചാരണ ചെയ്യുന്നതിന് അല്ലെങ്കിൽ തീർപ്പാക്കുന്നതിന് ക്ഷമതയുള്ള ഗ്രാമന്യായാലയത്തിലേക്ക് കൈമാറാവുന്നതാണ്.

(2) ഗ്രാമന്യായാലയത്തിന് അതിന്റെ വിവേകം ഉപയോഗിച്ച്, ഒന്നുകിൽ കേസുകൾ വീണ്ടും വിചാരണ ചെയ്യുകയോ അല്ലെങ്കിൽ അതിന് കൈമാറ്റം ചെയ്ത ഘട്ടത്തിൽനിന്ന് തുടർന്നു നടത്തുകയോ ചെയ്യാവുന്നതാണ്.

17. മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങൾ.—(1) ഒരു ഗ്രാമന്യായാലയത്തെ അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിൽ സഹായിക്കാൻ ആവശ്യമായ ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും തരവും വിഭാഗങ്ങളും സംസ്ഥാന സർക്കാർ തീരുമാനിക്കേണ്ടതും അതിന് യുക്തമെന്ന് തോന്നാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും മറ്റു ജീവനക്കാരെയും ഗ്രാമന്യായാലയത്തിന് നൽകേണ്ടതുമാണ്.

(2) ഗ്രാമന്യായാലയത്തിന്റെ ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും മറ്റുസേവനവ്യവസ്ഥകളും സംസ്ഥാന സർക്കാരിനാൽ നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുള്ളപ്രകാരമായിരിക്കേണ്ടതാണ്.

(3) ഗ്രാമന്യായാലയത്തിന്റെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും ന്യായാധികാരി കാലാകാലങ്ങളിൽ അവർക്ക് ഏൽപ്പിച്ചുകൊടുത്തേക്കാവുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

## അദ്ധ്യായം IV

## ക്രിമിനൽ കേസുകളിലെ നടപടിക്രമം

18. ക്രിമിനൽ വിചാരണകളിൽ ആക്റ്റിന്റെ അധിപ്രഭാവം.— ക്രിമിനൽ നടപടി നിയമ സംഹിത, 1973 (1974-ലെ 2)-ലോ മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം ഉണ്ടായിരിക്കുന്നതും, എന്നാൽ ഈ ആക്റ്റിൽ മറ്റുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, നിയമസംഹിതയിലെ വ്യവസ്ഥകൾ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അവ അസംഗതമല്ലാതായിരിക്കുന്നിടത്തോളം ഒരു ഗ്രാമന്യായാലയം മുമ്പാകെയുള്ള നടപടികൾക്ക് ബാധകമായിരിക്കേണ്ടതും, നിയമസംഹിതയുടെ മേൽപ്പറഞ്ഞ വ്യവസ്ഥകളുടെ ആവശ്യത്തിനുവേണ്ടി ഗ്രാമന്യായാലയം ഒരു ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയായി കരുതപ്പെടേണ്ടതുമാകുന്നു.

19. ഗ്രാമന്യായാലയം സമ്മറി വിചാരണ നടപടി അനുവർത്തിക്കണമെന്ന്.— (1) ക്രിമിനൽ നടപടി നിയമസംഹിത 1973-ന്റെ (1974-ലെ 2) 260-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ 262-ാം വകുപ്പ് (2)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, മേൽപറഞ്ഞ നിയമസംഹിതയിലെ അദ്ധ്യായം XXI-ൽ വിനിർദ്ദേശിച്ച നടപടിക്രമത്തിന് അനുസൃതമായി, ഗ്രാമന്യായാലയം സമ്മറിയായി കുറ്റങ്ങൾ വിചാരണ ചെയ്യേണ്ടതും പ്രസ്തുത നിയമസംഹിതയുടെ 262-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെയും 263 മുതൽ 265 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകളും കഴിയുന്നിടത്തോളം, അങ്ങനെയുള്ള വിചാരണയ്ക്ക് ബാധകമാക്കേണ്ടതുമാണ്.

(2) ഒരു സമ്മറി വിചാരണയ്ക്കിടയിൽ കേസിന്റെ സ്വഭാവം അനുസരിച്ച് അത് സമ്മറിയായി വിചാരണ ചെയ്യുന്നത് അഭിലഷണീയമല്ലെന്ന് ന്യായാധികാരിക്ക് തോന്നുമ്പോൾ, ന്യായാധികാരിക്ക് വിസ്തരിച്ചിരുന്നേക്കാവുന്ന ഏതെങ്കിലും സാക്ഷിയെ വീണ്ടും വിളിച്ചുവരുത്താവുന്നതും ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ കേസ് വീണ്ടും കേൾക്കുന്നത് തുടരാവുന്നതുമാണ്.

20. ഗ്രാമന്യായാലയം മുമ്പാകെ അനുകൂലവാദം.—ഒരു കുറ്റം ആരോപിക്കപ്പെട്ട ഒരാൾക്ക് അങ്ങനെയുള്ള കുറ്റം വിചാരണയിലിരിക്കുന്ന ഗ്രാമന്യായാലയം മുമ്പാകെ അനുകൂലവാദത്തിന് അപേക്ഷ ഫയൽ ചെയ്യാവുന്നതും ഗ്രാമന്യായാലയം, ക്രിമിനൽ നടപടി നിയമ സംഹിത, 1973 (1974-ലെ 2)-ന്റെ അദ്ധ്യായം XXI ക-യിലെ വ്യവസ്ഥകൾക്കനുസൃതമായി ആ കേസ് തീർപ്പാക്കേണ്ടതുമാണ്.

21. ഗ്രാമന്യായാലയത്തിലെ കേസുകളുടെ നടത്തിപ്പും കക്ഷികൾക്ക് നിയമസഹായവും.—(1) ഗ്രാമന്യായാലയത്തിൽ സർക്കാരിനുവേണ്ടി ക്രിമിനൽ കേസുകളുടെ നടത്തിപ്പിനായുള്ള ആവശ്യത്തിന് ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ന്റെ 25-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഗ്രാമന്യായാലയം മുമ്പാകെയുള്ള ഒരു ക്രിമിനൽ നടപടിയിൽ, പരാതിക്കാരന് ഗ്രാമന്യായാലയത്തിന്റെ അനുവാദത്തോടുകൂടി പ്രോസിക്യൂഷൻ കേസ് ബോധിപ്പിക്കുവാൻ അയാൾ തിരഞ്ഞെടുത്ത അഭിഭാഷകനെ അയാളുടെ ചെലവിൽ ഏർപ്പെടുത്താവുന്നതാണ്.

(3) ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റ്, 1987 (1987-ലെ 39)-ന്റെ 6-ാം വകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി അഭിഭാഷകരുടെ ഒരു പാനൽ തയ്യാറാക്കേണ്ടതും അതിൽ കുറഞ്ഞത് രണ്ടുപേരെ, അഭിഭാഷകരെ ഏർപ്പെടുത്താൻ കഴിവില്ലാത്ത പ്രതിക്ക്, അവരുടെ സേവനങ്ങൾ നൽകാവുന്നതിനുതകുമാറ് ബന്ധപ്പെട്ട ഓരോ ഗ്രാമന്യായാലയത്തിനും ഏൽപ്പിച്ചുകൊടുക്കേണ്ടതുമാണ്.

22. വിധി പ്രഖ്യാപനം.— (1) ഓരോ വിചാരണയുടെയും വിധിനിർണ്ണയം ന്യായാധികാരിയാൽ, വിചാരണ തീർന്നാലുടൻതന്നെ അല്ലെങ്കിൽ പതിനഞ്ച് ദിവസത്തിൽ കവിയാത്ത പിന്നീടുള്ള ഏതെങ്കിലും സമയത്ത്, അതിനെക്കുറിച്ച് കക്ഷികൾക്ക് നോട്ടീസ് കൊടുത്ത്, തുറന്ന കോടതിയിൽ പ്രഖ്യാപിക്കപ്പെടേണ്ടതാണ്.

(2) ഗ്രാമന്യായാലയം അതിന്റെ വിധിയുടെ ഒരു പകർപ്പ് സൗജന്യമായി ഉടനെ ഇരുകക്ഷികൾക്കും നൽകേണ്ടതാണ്.

## അദ്ധ്യായം V

## സിവിൽ കേസുകളിലെ നടപടിക്രമം

23. സിവിൽ നടപടികളിൽ ആക്റ്റിന്റെ അധിപ്രഭാവം.— സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലോ മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം ഉണ്ടായിരിക്കുന്നതും, എന്നാൽ ഈ ആക്റ്റിൽ മറ്റുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, നിയമസംഹിതയിലെ വ്യവസ്ഥകൾ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാതായിരിക്കുന്നിടത്തോളം ഗ്രാമന്യായാലയം മുമ്പാകെയുള്ള നടപടികൾക്ക് ബാധകമായിരിക്കുന്നതും നിയമസംഹിതയിലെ പ്രസ്തുത വ്യവസ്ഥകളുടെ ആവശ്യത്തിനുവേണ്ടി ഗ്രാമന്യായാലയം ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതുമാകുന്നു.

24. സിവിൽ തർക്കങ്ങളിൽ പ്രത്യേക നടപടിക്രമം.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ്പ്രകാരമുള്ള ഏതൊരു വ്യവഹാരമോ അവകാശവാദമോ തർക്കമോ സംസ്ഥാന സർക്കാരുമായി ആലോചിച്ച് കാലാകാലങ്ങളിൽ ഹൈക്കോടതിയാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും നൂറ് രൂപയിൽ കവിയാത്ത അങ്ങനെയുള്ള ഫീസോടുകൂടിയും ഗ്രാമന്യായാലയത്തിന് ഒരു അപേക്ഷ കൊടുത്ത് ആരംഭിക്കേണ്ടതാണ്.

(2) ഒരു വ്യവഹാരം, അവകാശവാദം അല്ലെങ്കിൽ തർക്കം യഥാവിധി ആരംഭിച്ചിട്ടുള്ളിടത്ത്, (1)-ാം ഉപവകുപ്പിൻകീഴിൽ നൽകിയിട്ടുള്ള അപേക്ഷയുടെ ഒരു പകർപ്പുസഹിതം ഗ്രാമന്യായാലയം, എതിർകക്ഷിക്ക്, അതിൽ നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള തീയതിയിൽ ഹാജരാകുന്നതിനും അവകാശവാദത്തിന് മറുപടി നൽകുന്നതിനും ഒരു സമൺസ് പുറപ്പെടുവിക്കേണ്ടതും അത് ഹൈക്കോടതിയാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ നടത്തേണ്ടതുമാണ്.

(3) എതിർകക്ഷി അയാളുടെ പത്രിക ഫയൽ ചെയ്തതിനുശേഷം, വാദം കേൾക്കുന്നതിന് ഗ്രാമന്യായാലയം ഒരു തീയതി നിശ്ചയിക്കേണ്ടതും എല്ലാ കക്ഷികളെയും നേരിട്ടോ അവരുടെ അഭിഭാഷകർ മുഖേനയോ ഹാജരാകുന്നതിന് അറിയിക്കേണ്ടതുമാണ്.

(4) വാദം കേൾക്കുന്നതിന് നിശ്ചയിച്ച തീയതിയിൽ, ഗ്രാമന്യായാലയം ഇരുകക്ഷികളെയും അവരുടെ യഥാക്രമമുള്ള തർക്കങ്ങൾ സംബന്ധിച്ച്, കേൾക്കേണ്ടതും ഏതെങ്കിലും തെളിവ് രേഖപ്പെടുത്തുന്നത് ആവശ്യമില്ലാത്ത തർക്കമുള്ളിടത്ത് വിധി പുറപ്പെടുവിക്കേണ്ടതും തെളിവ് രേഖപ്പെടുത്തുന്നത് ആവശ്യമായിവരുന്ന സംഗതിയിൽ ഗ്രാമന്യായാലയം തുടർനടപടി എടുക്കേണ്ടതുമാണ്.

(5) ഗ്രാമന്യായാലയത്തിന്,—

(ക) വീഴ്ചകാരണം ഏതെങ്കിലും കേസ് തള്ളിക്കളയുകയോ അല്ലെങ്കിൽ എക്സ്പാർട്ടിയായി നടപടി തുടരുകയോ;

(ഖ) വീഴ്ചകാരണം തള്ളിക്കളഞ്ഞ അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് അല്ലെങ്കിൽ എക്സ്പാർട്ടിയായി വാദം കേൾക്കാൻ പാസ്സാക്കിയ ഏതെങ്കിലും ഉത്തരവ് അസ്ഥിരപ്പെടുത്തുകയോ, ചെയ്യുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

(6) നടപടികൾക്കിടയിൽ ഉണ്ടായേക്കാവുന്ന ഏതെങ്കിലും ആനുഷംഗിക സംഗതിയെ സംബന്ധിച്ച്, ഗ്രാമന്യായാലയം നീതിയുടെ താൽപര്യത്തിൽ നീതിപൂർവ്വകവും ന്യായവുമെന്ന് അത് കരുതാവുന്ന അങ്ങനെയുള്ള നടപടിക്രമം സ്വീകരിക്കേണ്ടതാണ്.

(7) നടപടികൾ പ്രായോഗികമാവുന്നിടത്തോളം നീതിയുടെ താൽപര്യങ്ങൾക്ക് സംഗതമായിരിക്കേണ്ടതും, ഗ്രാമന്യായാലയം എഴുതി രേഖപ്പെടുത്തേണ്ട കാരണത്താൽ തുടർന്ന് വരുന്ന ദിവസത്തിനപ്പുറത്തേക്ക് വാദം കേൾക്കുന്നത് മാറ്റിവയ്ക്കേണ്ടത് ആവശ്യമാണെന്ന് കണ്ടെത്താത്തപക്ഷം ദൈനംദിനാടിസ്ഥാനത്തിൽ അതിന്റെ തീർപ്പുവരെ വാദം തുടരേണ്ടതുമാണ്.

(8) (1)-ാം ഉപവകുപ്പിൻകീഴിൽ നല്കിയിട്ടുള്ള അപേക്ഷ അത് ബോധിപ്പിച്ച തീയതി മുതൽ ആറുമാസ കാലാവധിക്കുള്ളിൽ ഗ്രാമന്യായാലയം തീർപ്പാക്കേണ്ടതാണ്.

(9) ഓരോ വ്യവഹാരത്തിലും അവകാശവാദത്തിലും അല്ലെങ്കിൽ തർക്കത്തിലുമുള്ള വിധിന്യായം ഗ്രാമന്യായാലയം വാദം കേട്ടുതീർന്നാലുടൻതന്നെ അല്ലെങ്കിൽ പതിനഞ്ച് ദിവസത്തിൽ കവിയാത്ത പിന്നീടുള്ള ഏതെങ്കിലും സമയത്ത് അതിനെക്കുറിച്ച് കക്ഷികൾക്ക് നോട്ടീസ് കൊടുത്ത് തുറന്ന കോടതിയിൽ പ്രസ്താവിക്കേണ്ടതാണ്.

(10) വിധിന്യായം കേസിന്റെ ഒരു സംക്ഷിപ്തവിവരണം, നിർണ്ണയിക്കപ്പെടേണ്ട കാര്യം, അതിൻമേലുള്ള തീരുമാനം, അങ്ങനെയുള്ള തീരുമാനത്തിനുള്ള കാരണങ്ങൾ എന്നിവ അടങ്ങിയതായിരിക്കേണ്ടതാണ്.

(11) വിധിന്യായം പ്രസ്താവിച്ച തീയതി മുതൽ മൂന്ന് ദിവസങ്ങൾക്കുള്ളിൽ ഇരുകക്ഷികൾക്കും സൗജന്യമായി വിധിന്യായത്തിന്റെ ഒരു പകർപ്പ് നൽകേണ്ടതാണ്.

25. ഗ്രാമന്യായാലയത്തിന്റെ ഡിക്രികളും ഉത്തരവുകളും നടപ്പാക്കൽ.—(1) സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു ഗ്രാമന്യായാലയം പാസ്സാക്കുന്ന വിധിന്യായം ഒരു ഡിക്രിയായി കരുതപ്പെടേണ്ടതും അത് സിവിൽ കോടതിയുടെ ഒരു ഡിക്രിയെന്നപോലെ ഗ്രാമന്യായാലയം നടപ്പിലാക്കേണ്ടതും ഈ ആവശ്യത്തിനായി ഗ്രാമന്യായാലയത്തിന് ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതുമാണ്.

(2) ഒരു ഡിക്രി നടപ്പിലാക്കുന്നത് സംബന്ധിച്ച് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം പാലിക്കുവാൻ ഗ്രാമന്യായാലയം ബാദ്ധ്യസ്ഥമല്ലാത്തതും അത് സാമാന്യനീതിയുടെ തത്ത്വങ്ങളാൽ നയിക്കപ്പെടേണ്ടതുമാണ്.

(3) ഒരു ഡിക്രി അത് പാസ്സാക്കിയ ഗ്രാമന്യായാലയത്താലോ അല്ലെങ്കിൽ അത് നടപ്പിലാക്കുന്നതിനുവേണ്ടി അയച്ചുകൊടുത്തിട്ടുള്ള മറ്റ് ഗ്രാമന്യായാലയത്താലോ നടപ്പാക്കപ്പെടാവുന്നതാണ്.

26. സിവിൽ തർക്കങ്ങളുടെ അനുരഞ്ജനത്തിനും ഒത്തുതീർപ്പാക്കലിനും വേണ്ടി ശ്രമങ്ങൾ നടത്തുന്നതിന് ഗ്രാമന്യായാലയത്തിന്റെ കർത്തവ്യം.—(1) ഏതൊരു വ്യവഹാരത്തിലും അല്ലെങ്കിൽ നടപടിയിലും, കേസിന്റെ സ്വഭാവത്തിനും സാഹചര്യങ്ങൾക്കും സംഗതമായി, അപ്രകാരം ചെയ്യുവാൻ സാധിക്കുന്നിടത്ത്, ആദ്യമേതന്നെ വ്യവഹാര സംഗതി അവകാശവാദം അല്ലെങ്കിൽ തർക്കം സംബന്ധിച്ച് ഒരു ഒത്തുതീർപ്പിൽ എത്തിച്ചേരുന്നതിന്, കക്ഷികളെ സഹായിക്കുന്നതിനും പ്രേരിപ്പിക്കുന്നതിനും അനുരഞ്ജിപ്പിക്കുന്നതിനും ഗ്രാമന്യായാലയം പരിശ്രമം നടത്തേണ്ടതും, ഈ ആവശ്യങ്ങൾക്കായി ഒരു ഗ്രാമന്യായാലയം ഹൈക്കോടതിയാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമം പിൻതുടരേണ്ടതുമാണ്.

(2) ഏതെങ്കിലും വ്യവഹാരത്തിൽ അല്ലെങ്കിൽ നടപടിയിൽ കക്ഷികൾ തമ്മിൽ ഒരു ഒത്തുതീർപ്പിന് ന്യായമായ സാദ്ധ്യതയുണ്ടെന്ന് ഏതെങ്കിലും ഘട്ടത്തിൽ ഗ്രാമന്യായാലയത്തിന് തോന്നുന്നിടത്ത്, അങ്ങനെയുള്ള ഒരു ഒത്തുതീർപ്പ് സംജാതമാക്കുന്നതിന് പരിശ്രമം നടത്തുവാൻ അവരെ പ്രാപ്തരാക്കുന്നതിന് ഗ്രാമന്യായാലയത്തിന് അതിന് യുക്തമെന്നു കരുതുന്ന അങ്ങനെയുള്ള കാലയളവിലേക്ക് നടപടി നീട്ടിവയ്ക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും നടപടി നീട്ടിവച്ചിടത്ത്, ഗ്രാമന്യായാലയം അതിന്റെ വിവേകം ഉപയോഗിച്ച്, കക്ഷികൾ തമ്മിൽ ഒരു ഒത്തുതീർപ്പ് സംജാതമാക്കുന്നതിന് ഒന്നോ അതിലധികമോ അനുരഞ്ജകർക്ക് സംഗതി റഫർ ചെയ്യാവുന്നതാണ്.

(4) (2)-ാം ഉപവകുപ്പുപ്രകാരം നല്കിയിട്ടുള്ള അധികാരം, നടപടി മാറ്റിവയ്ക്കാനുള്ള ഗ്രാമന്യായാലയത്തിന്റെ മറ്റേതെങ്കിലും അധികാരത്തിന് പുറമേ ആയിരിക്കേണ്ടതും അല്ലാതെ ന്യൂനത വരുത്തുന്നതായിരിക്കുവാൻ പാടുള്ളതുമല്ല.

27. അനുരഞ്ജകരുടെ നിയമനം.—(1) 26-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കായി, ജില്ലാ കോടതി, ജില്ലാ മജിസ്ട്രേറ്റുമായി ആലോചിച്ച് അനുരഞ്ജകരായി നിയമിക്കുന്നതിന് സ്വഭാവ ദാർഢ്യമുള്ളതും ഹൈക്കോടതിയാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള യോഗ്യതകളും പരിചയവുമുള്ള ഗ്രാമതലത്തിലെ സാമൂഹികപ്രവർത്തകരുടെ ഒരു പാനൽ തയ്യാറാക്കേണ്ടതാണ്.

(2) അനുരഞ്ജകർക്ക് നൽകേണ്ടതായ സിറ്റിംഗ് ഫീസും മറ്റ് അലവൻസുകളും അനുരഞ്ജകരായി ഏർപ്പെടുത്തുന്നതിനുള്ള നിബന്ധനകളും ഉപാധികളും സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

28. സിവിൽ തർക്കങ്ങളുടെ കൈമാറ്റം.—അധികാരിതയുള്ള ജില്ലാ കോടതിക്ക്, ഏതെങ്കിലും കക്ഷി നല്കിയ ഒരു അപേക്ഷയിൻമേലോ ഒരു ഗ്രാമന്യായാലയത്തിൽ കേസുകൾ ഗണ്യമായി നിലവിലുള്ളപ്പോഴോ നീതിയുടെ താൽപര്യത്തിൽ അത് ആവശ്യമാണെന്ന് കരുതുമ്പോഴെല്ലാമോ ഒരു ഗ്രാമന്യായാലയത്തിനു മുമ്പാകെ നിലവിലിരിക്കുന്ന ഏതെങ്കിലും കേസ് അതിന്റെ അധികാരിതയിലുള്ള മറ്റേതെങ്കിലും ഗ്രാമന്യായാലയത്തിലേക്ക് കൈമാറ്റം ചെയ്യാവുന്നതാണ്.

## അദ്ധ്യായം VI

## നടപടിക്രമം സാമാന്യമായി

29. നടപടികൾ സംസ്ഥാനത്തിന്റെ ഔദ്യോഗികഭാഷയിലായിരിക്കണമെന്ന്.—ഗ്രാമന്യായാലയത്തിന് മുമ്പാകെയുള്ള നടപടികളും അതിന്റെ വിധിന്യായവും പ്രായോഗികമാകുന്നിടത്തോളം, ഇംഗ്ലീഷ് ഭാഷയിൽ അല്ലാത്ത സംസ്ഥാനത്തിന്റെ ഔദ്യോഗികഭാഷകളിലൊന്നിൽ ആയിരിക്കേണ്ടതാണ്.

30. ഇൻഡ്യൻ തെളിവ് ആക്റ്റ് 1872-ന്റെ ബാധകത.—ഒരു ഗ്രാമന്യായാലയം അതിന്റെ അഭിപ്രായത്തിൽ, ഒരു തർക്കം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അതിനെ സഹായിക്കുന്ന ഏതെങ്കിലും റിപ്പോർട്ട്, സ്റ്റേറ്റ്മെന്റ്, രേഖ, വിവരം അല്ലെങ്കിൽ സംഗതി, ആയത് ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872 (1872-ലെ 1)-ൻകീഴിൽ മറ്റുവിധത്തിൽ പ്രസക്തമോ സ്വീകാര്യമോ ആയിരുന്നാലും അല്ലെങ്കിലും, തെളിവായി സ്വീകരിക്കാവുന്നതാണ്.

31. വാക്കാലുള്ള തെളിവിന്റെ രേഖപ്പെടുത്തൽ.—ഗ്രാമന്യായാലയത്തിന് മുമ്പാകെയുള്ള വ്യവഹാരങ്ങളിൽ അല്ലെങ്കിൽ നടപടികളിൽ സാക്ഷികളുടെ തെളിവ് ദീർഘമായി രേഖപ്പെടുത്തേണ്ട ആവശ്യമില്ലാത്തതും എന്നാൽ ന്യായാധികാരി ഓരോ സാക്ഷിയുടേയും വിസ്താരം നടക്കുമ്പോൾ, സാക്ഷി കൊടുക്കുന്ന മൊഴിയുടെ സാരാംശത്തിന്റെ ഒരു വിവരക്കുറിപ്പ് രേഖപ്പെടുത്തുകയോ രേഖപ്പെടുത്തുവാൻ ഇടയാക്കുകയോ ചെയ്യേണ്ടതും അങ്ങനെയുള്ള വിവരക്കുറിപ്പ് സാക്ഷിയും ന്യായാധികാരിയും ഒപ്പുവയ്ക്കേണ്ടതും അത് റിക്കാർഡിന്റെ ഭാഗമായിരിക്കേണ്ടതുമാണ്.

32. ഔപചാരിക സ്വഭാവമുള്ള തെളിവ് സത്യവാങ്മൂലത്തിൻമേലായിരിക്കണമെന്ന്.—(1) ഏതെങ്കിലും ആളിന്റെ തെളിവ്, അങ്ങനെയുള്ള തെളിവിന് ഒരു ഔപചാരിക സ്വഭാവം ഉള്ളിടത്ത്, സത്യവാങ്മൂലം മുഖേന നൽകാവുന്നതും എല്ലാ ന്യായമായ അപവാദങ്ങൾക്കും വിധേയമായി, ഒരു ഗ്രാമന്യായാലയത്തിന് മുമ്പാകെയുള്ള ഏതെങ്കിലും വ്യവഹാരത്തിൽ അല്ലെങ്കിൽ നടപടികളിൽ തെളിവായി വായിക്കാവുന്നതുമാണ്.

(2) ഗ്രാമന്യായാലയത്തിന്, അത് യുക്തമെന്ന് കരുതുന്നുവെങ്കിൽ, വ്യവഹാരത്തിലെയോ നടപടിയിലെയോ ഏതെങ്കിലും കക്ഷികളുടെ അപേക്ഷയിൻമേൽ അയാളുടെ സത്യവാങ്മൂലത്തിൽ അടങ്ങിയിട്ടുള്ള വസ്തുതകൾ സംബന്ധിച്ച് അങ്ങനെയുള്ള ഏതെങ്കിലും ആളിനെ സമൺ ചെയ്യുകയും വിസ്തരിക്കുകയും ചെയ്യാവുന്നതാണ്.

## അദ്ധ്യായം VII

## അപ്പീലുകൾ

33. ക്രിമിനൽ കേസുകളിലെ അപ്പീൽ.—(1) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലോ മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഗ്രാമന്യായാലയത്തിന്റെ ഏതെങ്കിലും വിധി, ശിക്ഷ അല്ലെങ്കിൽ ഉത്തരവിൽ നിന്ന് താഴെ വ്യവസ്ഥചെയ്ത പ്രകാരമൊഴികെ യാതൊരു അപ്പീലും നിലനിൽക്കുന്നതല്ല.

(2) യാതൊരു അപ്പീലും,—

(ക) ഒരു കുറ്റം ആരോപിക്കപ്പെട്ട ആൾ കുറ്റസമ്മതം നടത്തുകയും അങ്ങനെയുള്ള വാദത്തിൻമേൽ ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുള്ളിടത്ത്;

(ഖ) ഗ്രാമന്യായാലയം ആയിരം രൂപയിൽ കവിയാത്ത പിഴശിക്ഷ മാത്രം വിധിക്കുകയും ചെയ്തിട്ടുള്ളിടത്ത്,

നിലനിൽക്കുന്നതല്ല.

(3) (2)-ാം ഉപവകുപ്പിന് വിധേയമായി, ഗ്രാമന്യായാലയത്തിന്റെ മറ്റേതെങ്കിലും വിധിന്യായം, ശിക്ഷ അല്ലെങ്കിൽ ഉത്തരവിൽനിന്നുള്ള അപ്പീൽ സെഷൻസ് കോടതിയിലേക്ക് ആയിരിക്കേണ്ടതാണ്.

(4) ഈ വകുപ്പിൻകീഴിലുള്ള ഏതൊരു അപ്പീലും ഒരു ഗ്രാമന്യായാലയത്തിന്റെ വിധിന്യായം, ശിക്ഷാവിധി അല്ലെങ്കിൽ ഉത്തരവിന്റെ തീയതിമുതൽ മുപ്പത് ദിവസക്കാലാവധിക്കുള്ളിൽ ബോധിപ്പിക്കേണ്ടതാണ്:

എന്നാൽ, സെഷൻസ് കോടതിക്ക് പ്രസ്തുത കാലാവധിക്കുള്ളിൽ അപ്പീൽവാദിക്ക് അപ്പീൽ ബോധിപ്പിക്കാതിരുന്നതിന് മതിയായ കാരണം ഉണ്ടായിരുന്നുവെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ പ്രസ്തുത മുപ്പത് ദിവസക്കാലാവധിക്കുശേഷവും ഒരു അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(5) (3)-ാം ഉപവകുപ്പിൻകീഴിൽ ബോധിപ്പിക്കപ്പെട്ട ഒരു അപ്പീൽ അങ്ങനെയുള്ള അപ്പീൽ ഫയൽചെയ്ത തീയതിമുതൽ ആറുമാസത്തിനുള്ളിൽ സെഷൻസ് കോടതി വാദം കേട്ട് തീർപ്പാക്കേണ്ടതാണ്.

(6) സെഷൻസ് കോടതിക്ക് അപ്പീൽ തീർപ്പാക്കൽവരെ അപ്പീൽ നൽകിയിട്ടുള്ള ശിക്ഷാവിധി അല്ലെങ്കിൽ ഉത്തരവ് തൽക്കാലത്തേക്ക് നിറുത്തിവയ്ക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

(7) (5)-ാം ഉപവകുപ്പിൻകീഴിൽ സെഷൻസ് കോടതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതും സെഷൻസ് കോടതിയുടെ തീരുമാനത്തിൽനിന്നും യാതൊരു അപ്പീലോ റിവിഷനോ നിലനിൽക്കുന്നതുമല്ല:

എന്നാൽ, ഈ ഉപവകുപ്പിലെ യാതൊന്നും ഭരണഘടനയുടെ 32-ഉം, 226-ഉം അനുച്ഛേദങ്ങളിൽ ലഭ്യമായിട്ടുള്ള നീതിന്യായ പരിഹാരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ഏതെങ്കിലും ആളിനെ തടയുന്നതല്ല.

34. സിവിൽ കേസുകളിൽ അപ്പീൽ.—(1) സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലോ മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, (2)-ാം ഉപവകുപ്പിന് വിധേയമായും, ഒരു ഇടക്കാല ഉത്തരവല്ലാത്ത ഗ്രാമന്യായാലയത്തിന്റെ ഏതൊരു വിധിന്യായത്തിൽനിന്നും അല്ലെങ്കിൽ ഉത്തരവിൽനിന്നുമുള്ള ഒരു അപ്പീൽ ജില്ലാ കോടതിയിൽ നിലനിൽക്കുന്നതാണ്.

(2) ഗ്രാമന്യായാലയം പാസ്സാക്കുന്ന ഏതെങ്കിലും വിധിന്യായത്തിൽനിന്നോ അല്ലെങ്കിൽ ഉത്തരവിൽനിന്നോ

(ക) കക്ഷികളുടെ സമ്മതത്തോടെ;

(ഖ) ഒരു വ്യവഹാരവിഷയത്തിന്റെ, അവകാശവാദത്തിന്റെ അല്ലെങ്കിൽ തർക്കത്തിന്റെ തുക അല്ലെങ്കിൽ മൂല്യം ആയിരം രൂപയിൽ കവിയാത്തിടത്ത്;

(ഗ) ഒരു നിയമപ്രശ്നത്തിൽ ഒഴികെ, അങ്ങനെയുള്ള വ്യവഹാരവിഷയത്തിന്റെ, അവകാശവാദത്തിന്റെ അല്ലെങ്കിൽ തർക്കത്തിന്റെ തുക അല്ലെങ്കിൽ മൂല്യം അയ്യായിരം രൂപയിൽ കവിയുന്നില്ലെങ്കിൽ,

യാതൊരു അപ്പീലും നിലനിൽക്കുന്നതല്ല.

(3) ഈ വകുപ്പിൻകീഴിലെ ഏതൊരു അപ്പീലും ഒരു ഗ്രാമന്യായാലയത്തിന്റെ വിധിന്യായത്തിന്റെയോ ഉത്തരവിന്റെയോ തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കുള്ളിൽ ബോധിപ്പിക്കേണ്ടതാണ്:

എന്നാൽ, ജില്ലാ കോടതിക്ക് പ്രസ്തുത കാലാവധിക്കുള്ളിൽ അപ്പീൽവാദിക്ക് അപ്പീൽ ബോധിപ്പിക്കാതിരുന്നതിന് മതിയായ കാരണം ഉണ്ടായിരുന്നുവെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ പ്രസ്തുത മുപ്പത് ദിവസക്കാലാവധിക്കുശേഷവും ഒരു അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ ബോധിപ്പിക്കപ്പെട്ട ഒരു അപ്പീൽ അങ്ങനെയുള്ള അപ്പീൽ ഫയൽചെയ്ത തീയതി മുതൽ ആറുമാസത്തിനുള്ളിൽ ജില്ലാ കോടതിയാൽ വാദം കേട്ട് തീർപ്പാക്കപ്പെടേണ്ടതാണ്.

(5) ജില്ലാ കോടതിക്ക്, അപ്പീൽ തീർപ്പാക്കൽവരെ അപ്പീൽ നൽകിയിട്ടുള്ള വിധിന്യായം അല്ലെങ്കിൽ ഉത്തരവ് നടപ്പാക്കുന്നത് നിറുത്തിവയ്ക്കാവുന്നതാണ്.

(6) (4)-ാം ഉപവകുപ്പുപ്രകാരമുള്ള ജില്ലാ കോടതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതും ജില്ലാകോടതിയുടെ തീരുമാനത്തിൽനിന്നും യാതൊരു അപ്പീലോ റിവിഷനോ നിലനിൽക്കുന്നതുമല്ല:

എന്നാൽ, ഈ ഉപവകുപ്പിലെ യാതൊന്നും ഭരണഘടനയുടെ 32-ഉം 226-ഉം അനുച്ഛേദങ്ങളിൽ ലഭ്യമായിട്ടുള്ള നീതിന്യായ പരിഹാരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ഏതെങ്കിലും ആളിനെ തടയുന്നതല്ല.

## അദ്ധ്യായം VIII

## പലവക

35. ഗ്രാമന്യായാലയങ്ങൾക്ക് പോലീസിന്റെ സഹായം.—(1) ഒരു ഗ്രാമന്യായാലയത്തിന്റെ പ്രാദേശികാധികാരാതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന ഏതൊരു പോലീസ് ഉദ്യോഗസ്ഥനും, ഗ്രാമന്യായാലയത്തെ അതിന്റെ നിയമാനുസൃത അധികാരശക്തി വിനിയോഗിക്കുന്നതിൽ സഹായിക്കുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) ഒരു ഗ്രാമന്യായാലയം അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഗ്രാമന്യായാലയത്തിന് സഹായം നൽകണമെന്ന് ഒരു റവന്യൂ ഉദ്യോഗസ്ഥനോടോ പോലീസ് ഉദ്യോഗസ്ഥനോടോ സർക്കാർ ജീവനക്കാരനോടോ നിർദ്ദേശിക്കുമ്പോഴെല്ലാം അങ്ങനെയുള്ള സഹായം നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

36. ന്യായാധികാരികളും ജീവനക്കാരും മറ്റും പബ്ലിക് സർവ്വന്റുമാരായിരിക്കുമെന്ന്.—ഗ്രാമന്യായാലയങ്ങളുടെ ന്യായാധികാരികളും ഉദ്യോഗസ്ഥരും മറ്റുജീവനക്കാരും, ഈ ആക്റ്റിന്റെ ഏതെങ്കിലും വ്യവസ്ഥകൾക്കനുസൃതമായി പ്രവർത്തിക്കുമ്പോഴോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി കരുതുമ്പോഴോ, ഇന്ത്യൻ ശിക്ഷാനിയമസംഹിതയുടെ (1860-ലെ 45) 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിൽ വരുന്ന പബ്ലിക് സർവ്വന്റുമാരായി കരുതപ്പെടേണ്ടതാണ്.

37. ഗ്രാമന്യായാലയങ്ങളുടെ പരിശോധന.—ഹൈക്കോടതിക്ക്, ന്യായാധികാരിയെക്കാൾ ഉയർന്ന പദവിയിലുള്ള ഏതെങ്കിലും ജുഡീഷ്യൽ ആഫീസറെ അദ്ദേഹത്തിന്റെ അധികാരിതയ്ക്കുള്ളിലുള്ള ഗ്രാമന്യായാലയങ്ങൾ ഓരോ ആറു മാസത്തിലൊരിക്കലോ ഹൈക്കോടതി നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള മറ്റ് കാലയളവിലോ പരിശോധന നടത്തുന്നതിനും അദ്ദേഹം ആവശ്യമെന്നു കരുതുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും ഹൈക്കോടതിക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനും പ്രാധികാരപ്പെടുത്താവുന്നതാണ്.

38. വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വിഷമതകൾ ഉണ്ടാകുന്നപക്ഷം, കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുപ്രകാരം ആ വിഷമതകൾ നീക്കം ചെയ്യുന്നതിന് അതിന് ആവശ്യമെന്നോ യുക്തമെന്നോ തോന്നുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ മൂന്ന് വർഷക്കാലാവധി കഴിഞ്ഞ ശേഷം ഈ വകുപ്പിൻകീഴിൽ യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും, അത് ഉണ്ടാക്കിയശേഷം കഴിയുന്നത്രവേഗം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

39. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ഹൈക്കോടതിക്കുള്ള അധികാരം.—(1) ഹൈക്കോടതിക്ക്, വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാത്ത വിധത്തിൽ, അങ്ങനെയുള്ള ചട്ടങ്ങൾ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 10-ാം വകുപ്പുപ്രകാരം ഗ്രാമന്യായാലയത്തിന്റെ മുദ്രയുടെ രൂപവും അളവുകളും ;

(ഖ) 24-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം വ്യവഹാരം, അവകാശവാദം അല്ലെങ്കിൽ നടപടി ആരംഭിക്കുന്നതിനുള്ള അപേക്ഷയുടെ ഫാറവും രീതിയും ഫീസും ;

(ഗ) 24-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം എതിർകക്ഷിക്ക് സർവ്വീസ് നടത്തുന്നതിനുള്ള രീതി ;

(ഘ) 26-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അനുരഞ്ജനത്തിനുള്ള നടപടിക്രമം ;

(ങ) 27-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം അനുരഞ്ജകരുടെ യോഗ്യതകളും പരിചയവും ;

(ച) 37-ാം വകുപ്പുപ്രകാരം ഗ്രാമന്യായാലയങ്ങളുടെ പരിശോധനയ്ക്കുള്ള കാലാവധി.

(3) ഹൈക്കോടതി പുറപ്പെടുവിക്കുന്ന ഓരോ വിജ്ഞാപനവും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

40. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം.—(1) സംസ്ഥാന സർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 17-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഗ്രാമന്യായാലയങ്ങളുടെ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും കൊടുക്കേണ്ട ശമ്പളവും ബത്തകളും മറ്റ് സേവന നിബന്ധനകളും ഉപാധികളും;

(ഖ) 27-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം അനുരഞ്ജകർക്ക്, കൊടുക്കേണ്ട സിറ്റിംഗ് ഫീസും മറ്റ് ബത്തകളും അവരെ ഏർപ്പെടുത്തുന്നതിനുള്ള മറ്റ് സേവന നിബന്ധനകളും ഉപാധികളും.

(3) ഈ ആക്റ്റുപ്രകാരം സംസ്ഥാന സർക്കാരിനാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഓരോ ചട്ടവും അതുണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗത്തിൽ, സംസ്ഥാന നിയമ നിർമ്മാണമണ്ഡലം മുമ്പാകെ വയ്ക്കേണ്ടതാണ്.

## ഒന്നാം പട്ടിക

(12-ഉം 14-ഉം വകുപ്പുകൾ കാണുക)

### ഭാഗം I

ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-യിൻകീഴിലെ കുറ്റങ്ങൾ, മുതലായവ

(i) മരണ ശിക്ഷ, ജീവപര്യന്തത്തടവ് അല്ലെങ്കിൽ രണ്ട് വർഷത്തിൽ കവിയുന്ന ഒരു കാലത്തേക്കുള്ള തടവ് നൽകി ശിക്ഷിക്കുവാൻ പാടില്ലാത്ത കുറ്റങ്ങൾ;

(ii) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യുടെ 379, 380 അല്ലെങ്കിൽ 381-ാം വകുപ്പുകളിൻകീഴിലെ മോഷണം, മോഷ്ടിക്കപ്പെട്ടവസ്തുവിന്റെ മൂല്യം ഇരുപതിനായിരം രൂപയിൽ അധികരിക്കാത്തിടത്ത്;

(iii) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യുടെ 411-ാം വകുപ്പിൻകീഴിലെ മോഷണവസ്തു സ്വീകരിക്കൽ അല്ലെങ്കിൽ വച്ചുകൊണ്ടിരിക്കൽ, വസ്തുവിന്റെ മൂല്യം ഇരുപതിനായിരം രൂപയിൽ അധികരിക്കാത്തിടത്ത്;

(iv) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യുടെ 414-ാം വകുപ്പുപ്രകാരം മോഷണവസ്തു ഒളിച്ചുവയ്ക്കുന്നതിനോ കൈയൊഴിയുന്നതിനോ സഹായിക്കൽ, അങ്ങനെയുള്ള വസ്തുവിന്റെ മൂല്യം ഇരുപതിനായിരം രൂപയിൽ അധികരിക്കാത്തിടത്ത്;

(v) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യുടെ 454-ഉം 456-ഉം വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ;

(vi) ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യുടെ 504-ാം വകുപ്പുപ്രകാരം സമാധാനം ലംഘിക്കുന്നതിന് പ്രകോപനം നൽകണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള അപമാനവും, 506-ാം വകുപ്പുപ്രകാരം രണ്ടു വർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്ന കുറ്റകരമായ ഭയപ്പെടുത്തലും ;

(vii) മേൽപറഞ്ഞ ഏതെങ്കിലും കുറ്റങ്ങൾക്ക് പ്രേരണ നൽകൽ;

(viii) മേൽപ്പറഞ്ഞ ഏതെങ്കിലും കുറ്റങ്ങൾ ചെയ്യുന്നതിനുള്ള ഒരു ശ്രമം, അങ്ങനെയുള്ള ശ്രമം ഒരു കുറ്റമാകുമ്പോൾ.

### ഭാഗം II

## മറ്റ് കേന്ദ്രനിയമങ്ങളിൻകീഴിലുള്ള കുറ്റങ്ങളും നിവൃത്തിയും

(i) കാറ്റിൽ-ട്രെസ്പാസ് ആക്റ്റ്, 1871 (1871-ലെ 1)-ന്റെ 20-ാം വകുപ്പുപ്രകാരം പരാതി നൽകാവുന്ന ഒരു പ്രവൃത്തിയാൽ ഉണ്ടായ ഏതെങ്കിലും കുറ്റം;

(ii) കൂലികൊടുക്കൽ ആക്റ്റ്, 1936 (1936-ലെ 4);

(iii) ഏറ്റവും കുറഞ്ഞ കൂലി ആക്റ്റ്, 1948 (1948-ലെ 11);

(iv) പൗരാവകാശ സംരക്ഷണ ആക്റ്റ്, 1955 (1955-ലെ 22);

(v) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-യിലെ അദ്ധ്യായം IX പ്രകാരം ഭാര്യമാരുടെയും കുട്ടികളുടെയും രക്ഷിതാക്കളുടെയും സംരക്ഷണത്തിനുള്ള ഉത്തരവ്;

(vi) അടിമത്തൊഴിൽ സമ്പ്രദായം (നിറുത്തലാക്കൽ) ആക്റ്റ്, 1976 (1976-ലെ 19);

(vii) തുല്യവേതനം ആക്റ്റ്, 1976 (1976-ലെ 25);

(viii) ഗാർഹിക ഹിംസയിൽനിന്നും സ്ത്രീകളെ സംരക്ഷിക്കൽ ആക്റ്റ്, 2005 (2005-ലെ 43).

ഭാഗം III

സംസ്ഥാന ആക്റ്റുകളിൻകീഴിലുള്ള കുറ്റങ്ങളും നിവൃത്തിയും
(സംസ്ഥാന സർക്കാരിനാൽ വിജ്ഞാപനം ചെയ്യപ്പെടേണ്ടതാണ്.)

## രണ്ടാം പട്ടിക

(13-ഉം 14-ഉം വകുപ്പുകൾ കാണുക)

ഭാഗം I

### ഗ്രാമന്യായാലയങ്ങളുടെ അധികാരിതയ്ക്കുള്ളിൽ വരുന്ന സിവിൽ സ്വഭാവത്തിലുള്ള വ്യവഹാരങ്ങൾ

(i) സിവിൽ തർക്കങ്ങൾ :

(ക) വസ്തു വിലയ്ക്ക് വാങ്ങുന്നതിനുള്ള അവകാശം ;

(ഖ) പൊതു മേച്ചിൽസ്ഥലത്തിന്റെ ഉപയോഗം ;

(ഗ) ജലസേചന ചാനലിൽ നിന്നും വെള്ളം എടുക്കുന്നതിനുള്ള നിയന്ത്രണവും സമയക്രമവും.

(ii) വസ്തു തർക്കങ്ങൾ :

(ക) ഗ്രാമവും ഫാംഹൗസുകളും (കൈവശം) ;

(ഖ) നീർച്ചാലുകൾ ;

(ഗ) കിണറിൽ നിന്നോ കുഴൽ കിണറിൽ നിന്നോ വെള്ളം എടുക്കുന്നതിനുള്ള അവകാശം.

(iii) മറ്റ് തർക്കങ്ങൾ :

(ക) കൂലി കൊടുക്കൽ ആക്റ്റ്, 1936 (1936-ലെ 4) പ്രകാരമുള്ള അവകാശവാദങ്ങൾ ;

(ഖ) ഏറ്റവും കുറഞ്ഞ കൂലി ആക്റ്റ്, 1948 (1948-ലെ 11) പ്രകാരമുള്ള അവകാശവാദങ്ങൾ ;

(ഗ) വ്യാപാര ഇടപാടിൽനിന്നോ പണം കടം കൊടുക്കലിൽനിന്നോ ഉത്ഭവിക്കുന്ന പണവ്യവഹാരങ്ങൾ;

(ഘ) ഭൂമിയിൽ കൃഷി നടത്തുന്നതിനുള്ള പങ്കാളിത്തത്തിൽനിന്നും ഉത്ഭവിക്കുന്ന തർക്കങ്ങൾ;

(ങ) ഗ്രാമപഞ്ചായത്തുകളിലെ നിവാസികളുടെ വനോൽപ്പന്നങ്ങളുടെ ഉപയോഗം സംബന്ധിച്ചുള്ള തർക്കങ്ങൾ.

ഭാഗം II

14-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം കേന്ദ്ര സർക്കാരിനാൽ വിജ്ഞാപനം ചെയ്യപ്പെട്ട കേന്ദ്ര ആക്റ്റുകളിൻകീഴിലുള്ള അവകാശവാദങ്ങളും തർക്കങ്ങളും

(കേന്ദ്ര സർക്കാരിനാൽ വിജ്ഞാപനം ചെയ്യപ്പെടേണ്ടതാണ്.)

ഭാഗം III

14-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം സംസ്ഥാന സർക്കാരിനാൽ വിജ്ഞാപനം ചെയ്യപ്പെട്ട സംസ്ഥാന ആക്റ്റുകളിൻകീഴിലുള്ള അവകാശവാദങ്ങളും തർക്കങ്ങളും

(സംസ്ഥാന സർക്കാരിനാൽ വിജ്ഞാപനം ചെയ്യപ്പെടേണ്ടതാണ്.)

# THE GRAMA NYAYALAYAS ACT, 2008
(ACT NO. 4 OF 2009)

ഗ്രാമന്യായാലയങ്ങൾ ആക്റ്റ്, 2008

(2009-ലെ 4-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | |
|---|---|---|
| 1. Contiguous | സമീപവർത്തിയായ | Sn. 3 (1) |
| 2. Plea bargaining | അനുകൂലവാദം | Sn. 20 |
| 3. Conciliate | അനുരഞ്ജിപ്പിക്കുക | Sn. 26 (1) |
| 4. Preclude | തടയുക | Sn. 33 (7) |
| 5. Purporting | കരുതപ്പെടുക | Sn. 36 |